LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ നേരിയ ഏറ്റക്കുറച്ചിൽ ഉണ്ടായതല്ലാതെ പൊതുവിൽ നിത്യോപയോഗ സാധനങ്ങൾക്ക് ഗണ്യമായ വിലവർദ്ധന ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയിലൂടെ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ വിതരണം ചെയ്തുവരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 866 മാവേലി സ്റ്റോറുകൾ, 154 ലാഭം മാർക്കറ്റുകൾ, 10 സൂപ്പർ മാർക്കറ്റുകൾ, 20 മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 ശതമാനം മുതൽ 15 ശതമാനം വരെ വില കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തി അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ തെരഞ്ഞെടുക്കപ്പെട്ട 1400-ഓളം റേഷൻ കടകളിലൂടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്ന സാധനങ്ങൾ ഗ്രാമാന്തരങ്ങളിൽ എത്തിച്ച് ന്യായമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

റേഷനരി ചെലവാകാത്ത സ്ഥിതിവിശേഷം

63 [381] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷനരി ചെലവാകാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള റേഷൻ വിഹിതം കൃത്യമായി എടുക്കാറുണ്ടോ;

(സി) സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള റേഷൻ എടുക്കാതെ ലാപ്സായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് റേഷനരി ചെലവാകാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്ന അരിയുടെ ചെലവിൽ കുറവ് ഉണ്ടായിട്ടുണ്ട്.

1-6-1997 മുതൽ കേന്ദ്ര സർക്കാർ റ്റി.പി.ഡി.എസ്. നടപ്പാക്കിയതോടുകൂടി എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങളെ തരംതിരിക്കുകയും എ.പി.എൽ. കാർഡുകൾക്കുള്ള ഭക്ഷ്യ സബ്സിഡി ഗണ്യമായി കുറയ്ക്കുകയും, എ.പി.എൽ. അരിയുടെ വില കിലോയ്ക്ക് 8.90 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വിലക്കൂടുതൽ, കാർഡുടമകൾ ആഗ്രഹിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ അഭാവം, എ.പി.എൽ. വിഭാഗത്തിന് അനുവദിച്ചിരുന്ന റേഷൻ പഞ്ചസാര 2001 ഫെബ്രുവരി മാസം മുതൽ നിർത്തലാക്കപ്പെട്ടത് എന്നിവ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കാർഡുടമകളെ പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും അകറ്റുന്നതിനും റേഷൻ സാധനങ്ങൾ വാങ്ങുന്നതിനും കുറവ് വരുത്തുന്നതിനും കാരണമാക്കി.

(ബി) എ.പി.എൽ. അരി, ഗോതമ്പ് ഒഴികെ മറ്റ് റേഷൻ വിഹിതം മുഴുവനും എടുക്കാറുണ്ട്.

(സി) 2004 ജനുവരി മുതൽ 2004 ഡിസംബർ വരെ 1,292,937 മെട്രിക് ടൺ എ.പി.എൽ. അരിയും 309,076 മെട്രിക് ടൺ എ.പി.എൽ. ഗോതമ്പും ലാപ്സായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഭക്ഷ്യാൽപ്പന്ന വിപണന വർദ്ധനവ്

64 [382] ശ്രീ. ജോണി നെല്ലൂർ:

" ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യാൽപ്പാദന വിപണന രംഗത്ത് ഈ സാമ്പത്തിക വർഷം സംസ്ഥാനത്തുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഭക്ഷ്യാൽപ്പന്നങ്ങളാണ് ഈ വർഷം അധിക വിപണനം രേഖപ്പെടുത്തിയതെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly